ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ആറാട്ടുപുഴ പഞ്ചായത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗമാണ് പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് പൂർത്തീകരിച്ചത്.

(ഡി) കാലതാമസം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഇ&എഫ്) ബാധകമല്ല.

ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ സർക്കാർ-എയ്ഡഡ് പ്ലസ്ടു സ്കൂളുകൾ ആരംഭിക്കാൻ നടപടി

71(760) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമ പഞ്ചായത്തിൽ സർക്കാർ-എയ്ഡഡ് മേഖലകളിൽ പ്ലസ്ടു സ്കൂളുകൾ ഒന്നും തന്നെയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തിൽ പ്ലസ്ടു സ്കൂൾ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉപരിപഠനത്തിന് സൗകര്യമില്ലാത്ത കൊല്ലം ജില്ലയിലെ ഏക ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്ത് ഹൈസ്കൂളിൽ പ്ലസ്ടു ഈ വർഷം തന്നെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പരിഗണനയിലില്ല.

സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് അനുമതി

72(761) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് അനുമതി നൽകാതിരിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2009-2010 അദ്ധ്യയന വർഷം വരെ പ്രവർത്തിച്ചു വന്ന പ്ലസ് ടു കോഴ്സുകൾക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ സ്കൂൾ മാനേജുമെന്റ് സ്കൂളുകളിൽ എന്തെങ്കിലും പ്രത്യേക നിബന്ധനകൾ മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 2009-10-ന് ശേഷം എത്ര പ്ലസ് ടു കോഴ്സുകൾ സംസ്ഥാനത്ത് അനുവദിച്ചുവെന്നും പ്രസ്തുത കോഴ്സുകൾക്ക് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അംഗീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്നും വെളിപ്പെടുത്തുമോ;

(ഡി) താൽക്കാലിക അദ്ധ്യാപകർക്ക് പകരം സ്ഥിര അദ്ധ്യാപകരെ നിയമിക്കാൻ നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) 184 (സർക്കാർ+എയ്ഡഡ്) സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) തസ്തികകൾ സൃഷ്ടിച്ചതിനുശേഷം മാത്രമേ സ്ഥിരം അദ്ധ്യാപകരെ നിയമിക്കാൻ കഴിയുകയുള്ളൂ.

സർവ്വീസിലുള്ള എല്ലാ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ

73(762) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസിലുള്ള എല്ലാ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുന്നത് സംബന്ധിച്ച ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ 5 വർഷം തികയുന്ന മുറയ്ക്ക് സീനിയർ അദ്ധ്യാപകരായി നിയമിക്കുന്നതിനുള്ള നടപടി

74(763) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ജൂനിയർ അദ്ധ്യാപകരെ 5 വർഷം സർവ്വീസ് തികയുന്ന മുറയ്ക്ക് സീനിയർ അദ്ധ്യാപകരായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly